"ഭരണഭാഷ മാതൃഭാഷ"

# കേരള സാമൂഹ്യ സുരക്ഷാ മിഷൻ

KERALA SOCIAL SECURITY MISSION

നം. പി9/12798/18/കെ.എസ്.എസ്.എം

തിരുവനന്തപുരം

തീയതി 15/11/2022

**<u>താല്പര്യ പത്രം ക്ഷണിക്കുന്നു</u>**

കേരള സാമൂഹ്യ സുരക്ഷ മിഷന്റെ പദ്ധതികളിലൊന്നായ വീ കെയർ പദ്ധതിയുടെ 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് നടത്തുന്നതിന് അനുയോജ്യമായ ചാർട്ടേഡ് അക്കൗണ്ടന്റ്മാരിൽ/ഏജൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുന്നു. സർക്കാരിന്റെ മറ്റ് സ്കീമുകളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത, സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും, നിരാലംബരുമായ രോഗികൾക്ക് ചികിത്സാ സഹായവും മറ്റ് സഹായങ്ങളും അനുവദിക്കുന്നതിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷ മിഷനിൽ പ്രവർത്തിച്ചു വരുന്ന പദ്ധതിയാണ് വീ കെയർ. എല്ലാ വർഷവും ടി പദ്ധതിയുടെ ഓഡിറ്റ് നടത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ, 2019-20, 2020-21, 2021- 22 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് നടത്തുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ പ്രകാരമുള്ള ചാർട്ടേഡ് അക്കൗണ്ടന്റ് കമ്പനികളിൽ/ഏജൻസികളിൽ നിന്നും താല്പര്യ പത്രം ക്ഷണിക്കുന്നു.

1. സർക്കാർ ഏജൻസികളിൽ ഓഡിറ്റ് ചെയ്തു 5 വർഷത്തെ പരിചയമുള്ള കമ്പനികൾ/ ഏജൻസികൾ.
2. ചുരുങ്ങിയത് 10 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

താൽപ്പര്യ പത്രം അംഗീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച് അന്തിമ അധികാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത യോഗ്യതയുള്ള ചാർട്ടേഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നുള്ള താൽപ്പര്യ പത്രം കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ 10/01/2023 -നകം ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസർ

സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളുടെ സമുച്ചയം, പൂജപ്പുര, തിരുവനന്തപുരം - 695012
ഫോൺ: 0471 – 2341200, 2346016 (ഫാക്സ്) Email: socialsecuritymission@gmail.com
www.socialsecuritymission.gov.in